Mr. K. R. Viswambharan (*Ezhuvas-Talappalli*): It is stated that the sites are not now used for any public purpose. For what purpose were they used before?

Mr. K. Achyuta Menon (*Diwan Peishkar*): Except for a horse race there. Inside that there is an enclosed space where horse riding is exercised. The question of assignment has been dropped. Nothing is going to be done there.

MULAVUKAD—SPOILING OF PURE WATER BY FISHING.

403. മിസ്റ്റർ കെ പി. വള്ളോൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെൻറ് സദയം ഉത്തരം നൽകുമോ:—

(എ) മുളവുകാട് വില്ലേജിൽ മത്സ്യബന്ധനംമൂലം ശുദ്ധജലം മലിനപ്പെട്ടുന്നതിനാലും മറ്റും ഉള്ള ദോഷത്തെ പരിഹരിച്ചു തരുന്നതിനായി മത്സ്യബന്ധനത്തെ നിരത്തൽചെയ്യ തരേണമെന്നുള്ള അപേക്ഷകൾ ഗവൺമെൻറിന്നു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുപരിഹാരമാണ് പ്രസ്തുത കാര്യത്തിന്നു ചെയ്തിട്ടുള്ളത്?

മിസ്റ്റർ കെ. അച്യുതമേനോൻ: (എ) ഉണ്ട്.

(ബി) മത്സ്യബന്ധനത്തെ നിരത്തൽചെയ്തുകൊണ്ടുമാത്രം മുളവുകാട് വില്ലേജിലെ ശുദ്ധജലക്ഷാമം തീരുമെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: സാധാരണ മത്സ്യബന്ധനത്തിന്നു കൊടുക്കാത്ത സ്ഥലങ്ങളിൽ ഇന്നു ശുദ്ധജലം മലിനപ്പെടുന്നു എന്നു ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ കെ. അച്യുതമേനോൻ: ഇതുകൊണ്ടുതന്നെയാണോ മലിനപ്പെടുന്നതു എന്നുള്ള സംഗതി തെളിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: ഇതുവരേയും മത്സ്യബന്ധനത്തിന്നു കൊടുക്കാതെയിട്ടിരുന്ന പുറമ്പോക്കുസ്ഥലങ്ങൾ മത്സ്യബന്ധനത്തിന്നു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. അയ്യപ്പൻ: പുഴകളിലെ വെള്ളം വേനൽക്കാലത്തു കെട്ടിയടച്ചാൽ തുലാവഷ്ക്കാലത്തു അവിടെ ശുദ്ധജലം കിട്ടുകയില്ലെ?

മിസ്റ്റർ കെ. അച്യുതമേനോൻ: പുഴകൾ മാത്രമല്ല നിലങ്ങൾകൂടി കെട്ടിയടച്ചാലെ അതിന്നു സാധിക്കുകയുള്ളൂ.

മിസ്റ്റർ കെ. അയ്യപ്പൻ: മീൻ പിടിക്കുവാനുള്ള ചാലുകൾ ലേലം വിളിച്ചു കൊടുത്താൽ അവർ കെട്ടുകയില്ലെ?

മിസ്റ്റർ കെ. അച്യുതമേനോൻ: ലേലം വിളിച്ചുകൊടുക്കുന്നതു പുറമ്പോക്കുചാലുകൾ മാത്രമാണ്.

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെ ഉപ്പുവെള്ളം കടക്കുന്നുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: നിലത്തിൽകൂടി പോകുന്ന ചാലുകളായതുകൊണ്ടു ഉപ്പുവെള്ളം കടക്കും. അങ്ങിനെ കടക്കാതിരിക്കണമെങ്കിൽ നിലമുടമസ്ഥന്മാരുംകൂടി കെട്ടിയടച്ചാൽ മാത്രമെ സാധിക്കയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: അങ്ങിനെയുള്ള ചാലുകൾ ഇപ്പോൾ ഉണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: ഉണ്ട്. അവയെല്ലാം കെട്ടിയടക്കേണ്ട ആവശ്യമുണ്ടെങ്കിൽ മത്സ്യബന്ധനം മുഴുവൻ ഇല്ലാതാക്കേണ്ടിവരും.

മിസ്റ്റർ കെ. അയ്യപ്പൻ: കായലോരപ്രദേശങ്ങളിലെ ജലക്ഷാമത്തെപ്പറ്റി ദിവാൻപേഷ്കാർ അറിവില്ലാത്തപോലെയാണ പറയുന്നത്.

മിസ്റ്റർ കെ. അച്യുതമേനോൻ: എനിക്ക നല്ല അറിവുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ: വേനൽക്കാലത്തു പുഴകൾ കെട്ടിയടച്ചാൽ ഉപ്പുവെള്ളം കയറാൻ ഇടയില്ല.

മിസ്റ്റർ കെ. അച്യുതമേനോൻ: പുഴകൾ കെട്ടി അടക്കുന്നതോടുകൂടി എല്ലാ നിലമുടമസ്ഥന്മാരും ബണ്ടിട്ട മത്സ്യബന്ധനം നിർത്തുകയാണെങ്കിൽ ഉപ്പു കയറാതെയിരിക്കും. നിലമുടമസ്ഥന്മാരോട നിർബ്ബന്ധിച്ചു ബണ്ടിടുവിക്കാൻ പ്രയാസമാണ്.

മിസ്റ്റർ കെ. പി. വള്ളോൻ: നിലങ്ങളിൽ കൂടിയുള്ള പുറമ്പോക്ക തോടുകൾ കെട്ടിയടച്ചാൽ ഉപ്പു കയറാതിരിക്കുവാൻ ഇടയുണ്ട്.

മിസ്റ്റർ കെ. അച്യുതമേനോൻ: പുറമ്പോക്ക ചാലുകൾ കെട്ടിയടക്കുന്നതുകൊണ്ടു യാതൊരു മെച്ചവുമില്ല, ഗവൺമെൻറിലേക്കുള്ള റവന്യു പോകും. അതു കുറക്കണമെങ്കിൽ പരീക്ഷിക്കാമെന്നേയുള്ളു.

മിസ്റ്റർ കെ. പി. വള്ളോൻ: പാമ്പുകൾക്കുള്ളിലുള്ള പുറമ്പോക്ക തോടുകൾ മത്സ്യബന്ധനത്തിനു കൊടുക്കാതിരിക്കുവാൻ ഒരു വ്യവസ്ഥയുണ്ടാക്കുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ: അങ്ങിനെ പേർതിരിച്ചുകൊടുക്കാറില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: മുഴുവുകാട്ടു അങ്ങിനെ വല്ല തോടുകളും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: നിലങ്ങൾക്കുള്ളിലുള്ള പറമ്പുകളെ തൊട്ടുകിടക്കുന്ന ചാലുകൾ കൊടുത്തിട്ടുണ്ട്.

NEMMARA—ENCROACHMENTS IN.

404. Mr. T. V. Subramania Ayyar (*Nemmara*): Will the Government be pleased to answer:—

(*a*) whether the Government is aware of the fact that there are several encroachments in the Government land in Nemmara village, Chittur Taluk;

(*b*) if the answer is in the affirmative, have the Government taken any steps to remove the same;

(*c*) if so, will the Government be pleased to mention the number of cases in which action has been taken and the results thereof and how many cases are there for which action has not been taken?

Mr. K. Achyuta Menon (*Diwan Peishkar*): (*a*) Yes.

(*b*) Yes.

LIBRARY ARCHIVES Kerala Legislative Assembly